(ബി) മത്സ്യകേരളം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ 3433 ഹെക്ടർ ശുദ്ധജലത്തിലും 2657.5 ഹെക്ടർ ഓരുജലത്തിലുമായി മൊത്തം 6090.5 ഹെക്ടറിൽ മത്സ്യ/ചെമ്മീൻ കൃഷി നടപ്പാക്കിയിട്ടുണ്ട്. കൂടാതെ 1000 യൂണിറ്റ് കല്ലുമ്മക്കായ് കൃഷിയും നടന്നു. 25834 കർഷകർക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിച്ചു.

(സി) സംസ്ഥാനത്താകെ ആദ്യഘട്ടത്തിൽ 63 മത്സ്യവിത്ത് പരിപാലന യൂണിറ്റുകളും രണ്ടാം ഘട്ടത്തിൽ 72 മത്സ്യവിത്ത് പരിപാലന യൂണിറ്റുകളുമാണ് മത്സ്യകേരളം പദ്ധതി പ്രകാരം പ്രവർത്തിച്ചത്. കട്ല, രോഹു, മൃഗാൾ തുടങ്ങിയ കാർപ്പ് ഇനത്തിൽപ്പെട്ട ശുദ്ധജല മത്സ്യവിത്തുകളാണ് ഈ യൂണിറ്റുകളിൽ വളർത്തിയെടുത്തത്.

ജവഹർലാൽ നെഹ്റു ദേശീയ നഗര നവീകരണ പദ്ധതി

13 (*193) ശ്രീ. വി. ജെ. തങ്കപ്പൻ :
ശ്രീ. സി. എം. ദിനേശ് മണി :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീ.എം. കെ. പുരുഷോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജവർലാൽ നെഹ്റു ദേശീയനഗര നവീകരണ പദ്ധതി പ്രകാരം സംസ്ഥാനത്ത് നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ ;

(ബി) ഈ വർഷം എന്തെല്ലാം പദ്ധതികളാണ് തിരുവനന്തപുരം, കൊച്ചി നഗരസഭകളിൽ നടത്തുന്നത് ; ഇതിനായി എത്ര കോടിരൂപ അനുവദിച്ചിട്ടുണ്ട് ;

(സി) ജലവിതരണ പദ്ധതി, സീവറേജ് സ്കീം, ഖരമാലിന്യ നിർമ്മാർജ്ജനം എന്നിവയ്ക്കായി നടപ്പാക്കുന്ന പദ്ധതികളുടെ പുരോഗതി വ്യക്തമാക്കുമോ ;

(ഡി) പദ്ധതി പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ്കുട്ടി) :

(എ) ജവഹർലാൽ നെഹ്റു ദേശീയ നഗര നവീകരണ പദ്ധതി പ്രകാരം കേരള സുസ്ഥിര നഗരവികസന പദ്ധതി മുഖേന സംസ്ഥാനത്ത് തിരുവനന്തപുരം, കൊച്ചി നഗരങ്ങളിൽ 14 പദ്ധതികളാണ് നടപ്പിലാക്കുന്നത്. (വിശദാംശം അനുബന്ധനം-1 ആയി ചേർക്കുന്നു.)* കൂടാതെ ചെറുതും ഇടത്തരവുമായ പട്ടണങ്ങളുടെ പശ്ചാത്തല സൗകര്യ വികസന പദ്ധതി (യു.ഐ.ഡി.എസ്.എസ്.എം.റ്റി.) എന്ന പദ്ധതിയും കെ.എസ്.യു.ഡി.പി. വഴി നടപ്പിലാക്കിവരുന്നു. ഖരമാലിന്യ സംസ്കരണം, കുടിവെള്ള വിതരണം, മലിനജല നിർമ്മാർജ്ജനം എന്നിവയ്ക്കായി 25 പദ്ധതികൾ 22 നഗരങ്ങളിലായി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഈ സ്കീമിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നു. കുടുംബശ്രീ മുഖാന്തരം ജവഹർലാൽ നെഹ്റു നാഷണൽ അർബൻ റിന്യൂവൽ മിഷന്റെ ഉപപദ്ധതിയായ ബേസിക് സർവ്വീസസ് ടു ദി അർബൻ പുവർ (ബി.എസ്.യു.പി.) പദ്ധതിയും, സമഗ്ര ചേരി വികസനം ലക്ഷ്യമിടുന്ന സംയോജിത ഭവന നിർമ്മാണ ചേരി വികസന പരിപാടി (ഐ.എച്ച്.എസ്.ഡി.പി.)-യുമാണ് സംസ്ഥാനത്ത് നടപ്പിലാക്കുന്നത്. ബി.എസ്.യു.പി. പ്രകാരം തിരുവനന്തപുരം, കൊച്ചി നഗരസഭകളുടെ 343.40 കോടി രൂപയുടെ പദ്ധതിയാണ് അംഗീകരിക്കപ്പെട്ടിട്ടുള്ളത്. ഇതിൽ 233.55 കോടി രൂപ കേന്ദ്രവിഹിതമാണ്. ഈ പദ്ധതിയിലൂടെ തിരുവനന്തപുരത്ത് 23 ചേരികളുടെയും കൊച്ചിയിൽ തൃപ്പൂണിത്തുറ, കളമശ്ശേരി നഗരസഭകളിൽ ഉൾപ്പെടെ 21 ചേരികളുടെയും സമഗ്ര വികസനമാണ് ലക്ഷ്യം വയ്ക്കുന്നത്. തിരുവനന്തപുരത്ത് 12393 ദരിദ്ര കുടുംബങ്ങൾക്ക് പുതിയ വീടുകളും കൊച്ചിയിൽ 10096 ദരിദ്ര കുടുംബങ്ങൾക്ക് പുതിയ വീടുകളും ലഭ്യമാകും

ഐ.എച്ച്.എസ്.ഡി.പി. പദ്ധതി പ്രകാരം 45 നഗരസഭകളിലായി ആകെ 273.31 കോടി രൂപയുടെ പദ്ധതികളാണ് അംഗീകരിക്കപ്പെട്ടിട്ടുള്ളത്. ഇതിൽ 201.37 കോടി രൂപയുടെ കേന്ദ്രവിഹിതമാണ്. ഈ പദ്ധതി പ്രകാരം നഗര പ്രദേശങ്ങളിലെ ചേരികളുടെ സമഗ്ര വികസനം, ചേരിപ്രദേശങ്ങളിലെ ദരിദ്ര കുടുംബങ്ങളുടെ ജീവിത സൗകര്യം മെച്ചപ്പെടുത്തൽ, ചേരികൾ മാറ്റി സ്ഥാപിക്കൽ, ചേരിപ്രദേശത്ത് ശുദ്ധജല വിതരണം, ഓടകളുടെ നിർമ്മാണം, ഭവന നിർമ്മാണം, വേന പുനരുദ്ധാരണം എന്നീ പ്രവർത്തനങ്ങളാണ് നടപ്പിലാക്കുന്നത്.

(ബി) നഗരപ്രദേശത്തെ വികസനവും ഭവനവും എന്ന പദ്ധതിയിൻകീഴിൽ 2010-11 വർഷത്തിൽ പുതിയ പദ്ധതികളൊന്നും അനുവദിച്ചിട്ടില്ല. 2006-07 മുതൽ അനുവദിക്കപ്പെട്ട തിരുവനന്തപുരം നഗരസഭയിലെ 5 പദ്ധതികളും കൊച്ചി നഗരസഭയിലെ 6 പദ്ധതികളുമാണ് നടപ്പിലാക്കിവരുന്നത്. (വിശദവിവരം അനുബന്ധം 2-ൽ ചേർക്കുന്നു).* ഇവയ്ക്കായി 909.34 കോടി രൂപയുടെ പദ്ധതികളാണ് അനുവദിച്ചിട്ടുള്ളത്.

തിരുവനന്തപുരം, കൊച്ചി നഗരസഭകളിൽ മുൻ വർഷങ്ങളിൽ അനുവദിച്ച ബി.എസ്.യു.പി. പദ്ധതികളാണ് ഈ വർഷവും നടപ്പിലാക്കിവരുന്നത്. ബി.എസ്.യു.പി. പദ്ധതി പ്രകാരം നാല് ഘട്ടങ്ങളിലായി തിരുവനന്തപുരം നഗരസഭയുടെ 207.74 കോടി രൂപയുടെ പ്രോജക്ട് കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ഇതിൽ 165.72 കോടി രൂപ കേന്ദ്ര വിഹിതമാണ്. കൊച്ചി നഗരസഭയുടെ 135.66 കോടി രൂപയുടെ പ്രോജക്ടിന് മൂന്നുഘട്ടങ്ങളിലായി കേന്ദ്ര സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. ഇതിൽ 67.83 കോടി രൂപ കേന്ദ്ര വിഹിതമാണ്. ബി.എസ്.യു.പി. പദ്ധതി പ്രകാരം തിരുവനന്തപുരം നഗരസഭയ്ക്ക് 75.07 കോടി രൂപ കേന്ദ്ര വിഹിതമായും 3.51 കോടി രൂപ സംസ്ഥാന വിഹിതമായും കൊച്ചി നഗരസഭയ്ക്ക് 33.33 കോടി രൂപ കേന്ദ്രവിഹിതമായും 19.83 കോടി രൂപ സംസ്ഥാന വിഹിതമായും അനുവദിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) നഗര പശ്ചാത്തല വികസനവും ഭരണവും പദ്ധതിയിൻ കീഴിൽ ജലവിതരണ പദ്ധതി, സീവറേജ് സ്കീം ഖരമാലിന്യ നിർമ്മാർജ്ജനം എന്നിവയ്ക്കായി നടപ്പാക്കുന്ന പദ്ധതികളുടെ പുരോഗതി അനുബന്ധം 3 ആയി ചേർത്തിരിക്കുന്നു.*

(ഡി) കേരള സുസ്ഥിര നഗരവികസന പദ്ധതി മുഖേന നടപ്പിലാക്കുന്ന മുകളിൽ പറഞ്ഞ പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള രൂപരേഖ തയ്യാറാക്കി ആയത് യഥാസമയം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

അധികാര വികേന്ദ്രീകരണം സംബന്ധിച്ച ഡോ. എം. എ. ഉമ്മൻ കമ്മിറ്റി റിപ്പോർട്ട്

14 (*194) ശ്രീ. വി. ശശികുമാർ :
പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീമതി ജെ. അരുന്ധതി :
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അധികാര വികേന്ദ്രീകരണം സംബന്ധിച്ച ഡോ. എം. എ. ഉമ്മൻ കമ്മിറ്റി റിപ്പോർട്ടിലെ പ്രധാന ശിപാർശകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) ശിപാർശകൾ നടപ്പാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(സി) പദ്ധതിച്ചെലവിൽ ഉല്പാദന മേഖലയ്ക്ക് മുൻഗണന നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(ഇ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജോലിഭാരം ലഘൂകരിക്കുന്നതിനായി ഈ സർക്കാർ വന്നശേഷം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) :

(എ) ഡോ. എം. എ. ഉമ്മൻ കമ്മിറ്റിയുടെ ശിപാർശകൾ പരിഭാഷപ്പെടുത്തി കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ പ്രസിദ്ധീകരിച്ച പുസ്തകത്തിന്റെ കോപ്പി അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) ശിപാർശകൾ നടപ്പാക്കുന്നതിന്റെ ആദ്യഘട്ടമായി അക്കാദമിക് രംഗത്തെ പ്രഗത്ഭരായ വ്യക്തികളെ പങ്കെടുപ്പിച്ചുകൊണ്ട് 2009 ജൂലൈ 16-ന് ഒരു ശിൽപ്പശാല സംഘടിപ്പിക്കുകയുണ്ടായി. കമ്മിറ്റിയുടെ ശിപാർശ പ്രകാരം പരിശീലനങ്ങളുടെ ഉള്ളടക്കവും ഗുണനിലവാരവും മെച്ചപ്പെടുത്തിയിട്ടുണ്ട്. മറ്റ് ശിപാർശകൾ നടപ്പാക്കുന്നതിന്റെ നടപടികൾ വിവിധ ഘട്ടങ്ങളിലാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly